
● നിലപാട്




# 'ഉത്തരവാദിത്ത ടൂറിസ'മെന്ന പുതിയ വിപണനതന്ത്രം!

സുമേഷ് മംഗലശ്ശേരി

ടൂറിസം രംഗത്ത് കഴിഞ്ഞ ഏതാനും ദശകങ്ങളായി പല തരത്തിലുള്ള പ്രയോഗങ്ങളും കേട്ട് ശീലിച്ചവരാണ് മലയാളികൾ. ഇക്കോ ടൂറിസം, സുസ്ഥിര ടൂറിസം (Sustainable Tourism) ഇങ്ങനെ പല തരത്തിൽ ദുരുപയോഗം ചെയ്യപ്പെട്ട കുറെ ആശയങ്ങൾക്കുശേഷം കഴിഞ്ഞ ഒരു വർഷമായി മലയാളി കേട്ടു വരുന്ന ഒരു പുതിയ പദമാണ് 'ഉത്തരവാദിത്ത ടൂറിസം' (Responsible Tourism). ടൂറിസം വകുപ്പിന്റെ എല്ലാ രേഖകളിലും, പരസ്യങ്ങളിലും, പ്രസ്താവനകളിലും, പത്രങ്ങളിലുമൊക്കെ കേരളം ഉത്തരവാദിത്ത ടൂറിസം കേന്ദ്രമായി മാറുന്നതിന്റെ വാർത്തകളാണ് നിറയുന്നത്.

എന്നാൽ കേരളത്തിൽ ഇന്ന് നിലവിലിരിക്കുന്ന ടൂറിസം പ്രവർത്തനങ്ങൾ ശ്രദ്ധിക്കുന്ന ഒരാൾക്ക് 'ഉത്തരവാദിത്ത ടൂറിസം' എന്ന ആശയവും ദുരുപയോഗം ചെയ്യപ്പെടുന്നതായിട്ടാണ് കാണാൻ സാധിക്കുക.

## ഉത്തരവാദിത്ത ടൂറിസം (Responsible Tourism)

1996 ലാണ് ഉത്തരവാദിത്ത ടൂറിസം എന്ന ആശയം ആദ്യമായി രൂപപ്പെട്ടു വരുന്നത്. എന്നാൽ ഒരു ആശയമെന്ന തരത്തിൽ അതിന്റെ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും മറ്റും രൂപപ്പെടുത്തിയെടുക്കുന്നത് 2002-ൽ ദക്ഷിണാഫ്രിക്കയിലെ കേപ്ടൗണിൽ നടന്ന ഉത്തരവാദിത്ത ടൂറിസം സമ്മേളനമാണ്. ഉത്തരവാദിത്ത ടൂറിസം ടൂറിസത്തിന്റെ സാമ്പത്തികവും, പാരിസ്ഥിതികവും, സാമൂഹികവുമായ പ്രത്യാഘാതങ്ങളെ പരമാവധി കുറക്കുമെന്നും കൂടാതെ ടൂറിസത്തിന്റെ ഗുണഫലങ്ങൾ പരമാവധി തദ്ദേശീയരായ ജനവിഭാഗങ്ങൾക്ക് ലഭ്യമാക്കും എന്നും പറയുന്നു. മാത്രമല്ല പാരിസ്ഥിതികവും, സാംസ്കാരികവുമായ പൈതൃകങ്ങളെ സംരക്ഷിക്കാനുതകുന്ന ഒന്നായിരിക്കും ഇതെന്നും അവകാശപ്പെടുന്നു.

**കേരള ടൂറിസത്തിൽ ഇന്ന് നടക്കുന്ന അനാരോഗ്യ പ്രവണതകൾ മറച്ചുവെച്ച് 'ദൈവത്തിന്റെ സ്വന്തം നാടിന്റെ' നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഇമേജ് തിരിച്ചു പിടിക്കാനുള്ള ശ്രമമാണ് ഈ ഉത്തരവാദിത്ത ടൂറിസം സമ്മേളനത്തിലൂടെയും ഉത്തരവാദിത്ത ടൂറിസത്തിലൂടെയും ടൂറിസം വകുപ്പും വൻകിട ടൂറിസം വ്യവസായികളും ചേർന്ന് നടത്തുന്നതെന്ന് പകൽ പോലെ വ്യക്തമാണ്.**

## ഉത്തരവാദിത്ത ടൂറിസം കേരളത്തിൽ

കേരളത്തിൽ ഉത്തരവാദിത്ത ടൂറിസവുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷം തിരുവനന്തപുരത്തു നടന്ന രണ്ട് ദിവസത്തെ ശില്പശാലയിലൂടെയാണ് ഇത്തരം പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നത്. ഈ ശില്പശാലക്കുശേഷം സംസ്ഥാന തലത്തിൽ ഒരു ഉത്തരവാദിത്ത ടൂറിസം കമ്മിറ്റി (State Level Responsible Tourism Committee) രൂപീകരിക്കുകയും ഇതിനുശേഷം കുമരകം, കോവളം, വയനാട്, തേക്കടി എന്നിങ്ങനെ 4 ടൂറിസം കേന്ദ്രങ്ങളെ പ്രാഥമിക ഘട്ടത്തിൽ ഉത്തരവാദിത്ത ടൂറിസം നടപ്പിലാക്കുന്നതിന് തിരഞ്ഞെടുക്കുകയും ചെയ്തു. കേരള ടൂറിസം വെബ്സൈറ്റ് പറയുന്നതു പ്രകാരം ഈ പ്രദേശങ്ങളിൽ പ്രാദേശിക തല ഉത്തരവാദിത്ത ടൂറിസം കമ്മിറ്റിയും (Destination Level Responsible Tourism Committee) രൂപീകരിച്ചു കഴിഞ്ഞു. ടൂറിസം വികസനത്തിൽ പങ്കാളിത്ത ആസൂത്രണം ഉറപ്പു വരുത്തുകയും സുതാര്യത കൊണ്ടുവരികയുമൊക്കെയാണ് ഈ കമ്മിറ്റിയുടെ ലക്ഷ്യമായി ഉയർത്തിക്കാട്ടുന്നത്.

എന്നാൽ ഈ പ്രവർത്തനങ്ങളൊന്നുംതന്നെ കേരളത്തിൽ ടൂറിസം വികസനം കൊണ്ടുണ്ടാകുന്ന അടിസ്ഥാന പ്രശ്നങ്ങളെ അഭിമുഖീകരിക്കുകയോ പരിഹാര മാർഗ്ഗങ്ങൾക്ക്

ശ്രമിക്കുകയോ ചെയ്യുന്നില്ല എന്ന് കാണാം. കേരള ടൂറിസത്തിന്റെ പ്രവർത്തനങ്ങളിൽ അടിസ്ഥാനപരമായ യാതൊരു മാറ്റവും കാണുന്നുമില്ല.

**അന്തർദ്ദേശീയ ഉത്തരവാദിത്ത ടൂറിസം സമ്മേളനം**

ഈ സാഹചര്യത്തിലാണ് കൊച്ചിയിൽ മാർച്ച് 21 മുതൽ 24 വരെ നടക്കുന്ന അന്തർദ്ദേശീയ ഉത്തരവാദിത്ത ടൂറിസം സമ്മേളനം സംഘടിപ്പിക്കുന്നത്. കേരള ടൂറിസം വകുപ്പും ഉത്തരവാദിത്ത ടൂറിസം കേന്ദ്രം (International Centre for Responsible Tourism India) ഇന്ത്യയും ചേർന്ന് ഇന്ത്യാ ടൂറിസം വകുപ്പിന്റെ സഹകരണത്തോടെയാണ് ഈ സമ്മേളനം സംഘടിപ്പിക്കുന്നത്. ഈ സമ്മേളനം ഇതിനകം തന്നെ അന്താരാഷ്ട്രതലത്തിലും രാജ്യത്തിനകത്തു തന്നെയും ശ്രദ്ധ നേടിക്കഴിഞ്ഞു. കേപ്ടൗണിൽ 2002 നുശേഷം നടന്ന ഉത്തരവാദിത്ത ടൂറിസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിലയിരുത്തുക, ഉത്തരവാദിത്ത ടൂറിസം രംഗത്ത് കേരളം കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ ലോകത്തിന് കാണിച്ചു കൊടുക്കുകയും ചർച്ച ചെയ്യുകയും ചെയ്യുക എന്നുള്ളതാണ് ഈ സമ്മേളനത്തിന്റെ ഉദ്ദേശ്യലക്ഷ്യമായി പറയുന്നത്.

**പങ്കാളിത്തം**

എന്നാൽ ഈ സമ്മേളനവും, കേരളത്തിലെ ഇന്നത്തെ ടൂറിസം വികസനവും പരിശോധിച്ചു നോക്കുകയാണെങ്കിൽ മേൽപ്പറഞ്ഞ ഉത്തരവാദിത്ത ടൂറിസത്തിന്റെ ആശയങ്ങളുമായി പ്രയോഗത്തിൽ വളരെയധികം വൈരുദ്ധ്യപ്പെട്ടിരിക്കുന്നതായി കാണാം. ഉദാഹരണമായി ഈ സമ്മേളനത്തിൽ പങ്കെടുക്കുന്നതിനുള്ള രജിസ്ട്രേഷൻ തുക തന്നെയെടുക്കാം. ഈ സമ്മേളനത്തിൽ പങ്കെടുക്കണമെങ്കിൽ രജിസ്ട്രേഷൻ തുകയായി രൂ. 5000 കൊടുക്കണം. ഇതു തന്നെ ഇളവുകൾക്കുശേഷമുള്ള തുകയാണത്രേ! കൂടാതെ താമസത്തിന് വേറെയും. സമ്മേളനത്തിന്റെ വെബ്സൈറ്റിൽ കൊടുത്തിരിക്കുന്ന താമസസൗകര്യങ്ങൾ മിക്കവയും നക്ഷത്ര ഹോട്ടലുകളോ അല്ലെങ്കിൽ വില കൂടിയ താമസ സൗകര്യങ്ങളോ മാത്രമാണ്.

ടൂറിസവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന എല്ലാ ആളുകളുടെയും പങ്കാളിത്തം ഉറപ്പു വരുത്തുന്നു എന്നവകാശപ്പെടുന്ന ഉത്തരവാദിത്ത ടൂറിസം ചർച്ചകളിൽ നിന്നും കേരളത്തിലെ സാധാരണക്കാരായ ജനങ്ങളെ അകറ്റി നിർത്താനുള്ള ഒരു തന്ത്രമായിട്ടു വേണം ഈ തുകയെ കാണാൻ. ഈ ഉയർന്ന രജിസ്ട്രേഷൻ മാത്രമല്ല. സമ്മേളനത്തിൽ അവതരിപ്പിക്കുന്ന കേരളവുമായി ബന്ധപ്പെട്ട പ്രബന്ധങ്ങളിലോ, പരിപാടികളിലോ ഒന്നും തന്നെ ടൂറിസത്തെ വിമർശനാത്മകമായി സമീപിക്കുന്നവരുടെയോ, കേരള ടൂറിസത്തിന്റെ വിപത്തുകളനുഭവിക്കുന്ന പ്രാദേശിക ജനസമൂഹത്തിന്റെയോ യാതൊരു പങ്കാളിത്തവുമില്ല. കേരള വിനോദ സഞ്ചാര വകുപ്പിന്റെ ക്ഷണക്കത്തിന് മറുപടിയായി രജിസ്ട്രേഷൻ ഫീസ് കുറക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഈ ലേഖകൻ എഴുതിയ കത്തിന് യാതൊരു മറുപടിയും അധികൃതരുടെ ഭാഗത്ത് നിന്ന് ലഭിച്ചിട്ടില്ല.

കേരള ടൂറിസത്തിൽ ഇന്ന് നടക്കുന്ന അനാരോഗ്യ പ്രവണതകൾ മറച്ചുവെച്ച് 'ദൈവത്തിന്റെ സ്വന്തം നാടിന്റെ' നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന ഇമേജ് തിരിച്ചു പിടിക്കാനുള്ള ശ്രമമാണ് ഈ ഉത്തരവാദിത്ത ടൂറിസം സമ്മേളനത്തിലൂടെയും ഉത്തരവാദിത്ത ടൂറിസത്തിലൂടെയും ടൂറിസം വകുപ്പും വൻകിട ടൂറിസം വ്യവസായികളും ചേർന്ന് നടത്തുന്നതെന്ന് പകൽ പോലെ വ്യക്തമാണ്. കൂടാതെ പാശ്ചാത്യ രാജ്യങ്ങളിൽ വളർന്നു വരുന്ന പാരിസ്ഥിതിക സാമൂഹ്യ സൗഹാർദ്ദ ടൂറിസം പ്രവണതകളെ തങ്ങൾക്കനുകൂലമാക്കി മാറ്റാനുള്ള ശ്രമവും ഇതിന്റെ പിറകിലുണ്ട്.




ഈ രാജ്യാന്തര സമ്മേളനത്തിന്റെ വെബ്സൈറ്റിൽ ഈ സമ്മേളനത്തിനു വരുന്ന പ്രതിനിധികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങൾ സന്ദർശിക്കാനുള്ള അവസരമൊരുക്കിയിട്ടുമുണ്ട്. ഇതിൽ ഒരു പ്രദേശമായി തിരഞ്ഞെടുത്തിരിക്കുന്നത് ആലപ്പുഴ ജില്ലയിലെ മാരാരിക്കുളമാണ്. വെബ്സൈറ്റിൽ മാരാരിക്കുളത്തെക്കുറിച്ച് വിവരിക്കുന്നത് ഒരു പ്രാദേശിക നിക്ഷേപകൻ സ്വന്തം നിലയിൽ ഇവിടെ തുടങ്ങിയ ഒരു ടൂറിസം സംരംഭം ഇന്ന് ഈ പ്രദേശത്തിന്റെ വളർച്ചയ്ക്ക് കാരണമായി എന്നും, ഇതിനുള്ള സാഹചര്യവും അതിന്റെ വിവിധ പ്രശ്നങ്ങളും പഠിക്കാനുള്ള അവസരം ഒരുക്കുക എന്നുമാണ്. എന്നാൽ ഈ പ്രദേശത്ത് നടക്കുന്ന അനിയന്ത്രിതമായ ടൂറിസം വികസനവും, കേരളത്തിൽ തലതിരിഞ്ഞ ടൂറിസം നയങ്ങളും ഈ തീരദേശത്ത് ടൂറിസവുമായി ബന്ധപ്പെട്ട് വൻതോതിലുള്ള ഭൂമി ഊഹക്കച്ചവടത്തിന് വഴി വെച്ചിരിക്കുന്നു. ഭൂ മാഫിയ ഈ തീരദേശത്തെ ഏതാണ്ടെല്ലാ മത്സ്യത്തൊഴിലാളികളുടെയും ഭൂമി അവരുടേതാക്കിക്കഴിഞ്ഞു. തീരദേശ നിയന്ത്രണ നിയമം കാറ്റിൽ പറത്തിക്കൊണ്ട് അല്ലെങ്കിൽ അതിലെ പഴുതുകളെ ദുരുപയോഗം ചെയ്തുകൊണ്ട് ടൂറിസവുമായി ബന്ധപ്പെട്ട് ധാരാളം നിർമ്മാണ പ്രവർത്തനങ്ങൾ ഇവിടെ നടന്നു വരുന്നുമുണ്ട്. ഇത്തരം ദോഷകരമായ പ്രവണതകളെ നിയന്ത്രിക്കുന്നതിന് നിയമങ്ങളും സംവിധാനങ്ങളും കൊണ്ടുവരുന്നതിന് പകരം ഇത്തരം പ്രവർത്തനങ്ങളെ മറച്ചുവെക്കാനും, സാധൂകരിക്കാനും വിപണനം ചെയ്യാനുമാണ് ടൂറിസം വകുപ്പ് ശ്രമിക്കുന്നത്. അതുകൊണ്ട് തന്നെയാണ് കേരള ടൂറിസം നേരിടുന്ന

പ്രധാനപ്രശ്നങ്ങളൊന്നും തന്നെ ഈ സമ്മേളനത്തിന്റെ അജൻഡയിൽ ഉൾപ്പെടുത്താതിരിക്കുന്നതിന് കാരണം.




### കേരള ടൂറിസം നിയമം 2005

ഉത്തരവാദിത്ത ടൂറിസമെന്ന പേരിലുള്ള പത്രപ്രസ്താവനകളും മീറ്റിംഗുകളുമല്ലാതെ അടിസ്ഥാനപരമായ യാതൊരു മാറ്റങ്ങളും കേരള ടൂറിസത്തിൽ വന്നിട്ടില്ല. ഇതിന് മറ്റൊരുദാഹരണമാണ് കേരള ഗവൺമെന്റ് 2005-ൽ പാസ്സാക്കിയ കേരള ടൂറിസം (കൺസർവേഷൻ ആന്റ് പ്രിസർവേഷൻ) നിയമം. ഈ നിയമം കേരളത്തിലെ കുമരകം, ഫോർട്ട് കൊച്ചി, കോവളം, മൂന്നാർ എന്നിങ്ങനെ 4 ടൂറിസം കേന്ദ്രങ്ങളെ പ്രത്യേക ടൂറിസം മേഖലകളായി പ്രഖ്യാപിക്കുന്നു. ഈ നിയമപ്രകാരം കേരളത്തിലെ "ടൂറിസം സാദ്ധ്യതകളുള്ള" ഏതൊരു പ്രദേശത്തെയും പ്രത്യേക ടൂറിസം മേഖലകളായി (Special Tourism Zone) പ്രഖ്യാപിക്കാം. ഈ മേഖലകളിൽ ഒരു ടൂറിസം കൺസർവേഷൻ പ്രിസർവേഷൻ കമ്മിറ്റിയും നിയമം അനുശാസിക്കുന്നു. ഈ കമ്മിറ്റിയിലെ അംഗങ്ങളാകട്ടെ ടൂറിസം സെക്രട്ടറി, ടൂറിസം ഡയറക്ടർ തുടങ്ങിയ ഉയർന്ന ഉദ്യോഗസ്ഥർ മാത്രമാണ്. തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് ഈ കമ്മിറ്റിയിൽ പ്രത്യേകിച്ച് സ്ഥാനങ്ങളൊന്നുമില്ല.

ഈ നിയമപ്രകാരം പ്രത്യേക ടൂറിസം മേഖലകളായി പ്രഖ്യാപിക്കപ്പെടുന്ന ടൂറിസം പ്രദേശങ്ങളിൽ ഏതു തരത്തിലുള്ള വികസന പ്രവർത്തനങ്ങളോ നിർമ്മാണ പ്രവർത്തനങ്ങളോ നടത്തണമെങ്കിൽ ഈ ഉദ്യോഗസ്ഥ കമ്മിറ്റിയുടെ അനുമതി ആവശ്യമാണ്. ഈ നിയമപ്രകാരം ഈ പ്രദേശത്ത് തദ്ദേശവാസികൾക്ക് ഒരു വീടു വെയ്ക്കണമെങ്കിൽ പോലും ഈ കമ്മിറ്റിയുടെ അനുമതി ആവശ്യമാണ്. ഈ നിയമം പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ അധികാരങ്ങളുടെ മേലുള്ള പരസ്യമായ കടന്നു കയറ്റമാണ്. കൂടാതെ ഇത്തരം സ്ഥാപനങ്ങളുടെ അധികാരങ്ങൾ കേന്ദ്രീകൃതമായ ഉദ്യോഗസ്ഥ കമ്മിറ്റിക്ക് നൽകുകയും ചെയ്യുന്നു. ഉത്തരവാദിത്ത ടൂറിസവുമായി ബന്ധപ്പെട്ട് നടന്ന ആദ്യത്തെ ശിൽപ്പശാലയിൽ ഈ നിയമം പിൻവലിക്കണമെന്ന് വിവിധ പ്രതിനിധികൾ ശക്തമായി ആവശ്യപ്പെട്ടിരുന്നതുമാണ്. ഉത്തരവാദിത്ത ടൂറിസത്തെക്കുറിച്ചും പ്രാദേശിക പങ്കാളിത്തത്തെക്കുറിച്ചും വാതോരാതെ സംസാരിക്കുന്ന ടൂറിസം വകുപ്പ് ഈ നിയമം ഭേദഗതി ചെയ്യുകയോ പിൻവലിക്കുകയോ ചെയ്യുന്നില്ല എന്നതിൽ നിന്നും ടൂറിസം വകുപ്പിന്റെ ആത്മാർത്ഥത വ്യക്തമാകുന്നു.

കേരള ടൂറിസം ഉത്തരവാദിത്ത ടൂറിസം മാർഗ്ഗരേഖ മാനുവൽ പറയുന്നതുപ്രകാരം സാമ്പത്തികം, സാമൂഹികം, പാരിസ്ഥിതികം എന്നിങ്ങനെ 3 തരത്തിലുള്ള ഉത്തരവാദിത്തങ്ങളാണ് ടൂറിസത്തിനുള്ളത്. ഇതിൽ സാമ്പത്തിക ഉത്തരവാദിത്തത്തിനാണ് കേരള ടൂറിസം കൂടുതൽ പ്രാധാന്യം കൊടുക്കുന്നത്. ഇതിന്റെ ഭാഗമായി വിവിധ ടൂറിസം കേന്ദ്രങ്ങൾ, ടൂറിസം വ്യവസായത്തിനാവശ്യമായ പാൽ, പച്ചക്കറി തുടങ്ങിയ ഉൽപ്പന്നങ്ങളുടെ കണക്കെടുപ്പുകൾ നടന്നു കഴിഞ്ഞു. ഇത്തരം ഉല്പാദനങ്ങൾ പ്രാദേശികമായി ഉല്പാദിപ്പിക്കാനും വിതരണം ചെയ്യാനുമുള്ള ഉത്തരവാദിത്തം കുടുംബശ്രീ ഏറ്റെടുത്തതായും അതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതായും പറയുന്നു. പക്ഷെ ഇവിടെ ഉയർന്നു വരുന്ന അടിസ്ഥാനപരമായ ചോദ്യങ്ങളിലൊന്ന് കേരളത്തിൽ പച്ചക്കറിയും, പാലും ഉൽപ്പാദിപ്പിക്കപ്പെടുകയാണെങ്കിൽ അത് വിപണനം ചെയ്യുന്നതിന് ഒരു ടൂറിസം വിപണിയുടെ ആവശ്യമുണ്ടോ എന്നതാണ്. കേരളത്തിലെ ജനങ്ങൾക്ക് ആവശ്യത്തിനുള്ള പാൽ - പച്ചക്കറി തുടങ്ങിയവയൊക്കെത്തന്നെയും അയൽ സംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. മിൽമയുടെ കണക്കുപ്രാരം പ്രതിദിനം 3 ലക്ഷം ലിറ്റർ പാലിന്റെ കുറവാണ് കേരളം നേരിടുന്നത്. ഇതെല്ലാം കാണിക്കുന്നത് ഈ ഉല്പന്നങ്ങളുടെ പ്രാദേശിക വിപണിയെയാണ്. ഇത്തരമൊരു സാഹചര്യത്തിൽ ടൂറിസം വകുപ്പിന്റെ ശ്രമം ഇത്തരം കണക്കുകളും പ്രലോഭനങ്ങളും കാണിച്ച് പ്രാദേശിക സമൂഹങ്ങളുടെ ടൂറിസത്തിലെ പങ്ക് വെറും പഴം - പച്ചക്കറി വിതരണക്കാരൻ എന്ന നിലയിലേക്ക് ഒതുക്കാനാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇത് ഉത്തരവാദിത്ത ടൂറിസത്തന്റെ അടിസ്ഥാനപരമായ ആശയങ്ങളോടു തന്നെ വൈരുദ്ധ്യം പുലർത്തുന്നു.

കേരള ടൂറിസം വെബ്സൈറ്റ് പ്രകാരം കേരളത്തിൽ ഉത്തരവാദിത്ത ടൂറിസം നടപ്പിലാക്കുന്നതിന് സംസ്ഥാനതലത്തിൽ വിവിധ പ്രതിനിധികളടങ്ങിയ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ തീരുമാന പ്രകാരം കുമരകം, വയനാട്, തേക്കടി, കോവളം എന്നിങ്ങനെ 4 കേന്ദ്രങ്ങളെ ആദ്യഘട്ടത്തിൽ ഉത്തരവാദിത്ത ടൂറിസം നടപ്പിലാക്കാൻ തിരഞ്ഞെടുത്തിട്ടുണ്ട്. ഈ 4 കേന്ദ്രങ്ങളിലും പ്രാദേശിക കമ്മിറ്റികളും നിലവിൽ വന്നു കഴിഞ്ഞു. പക്ഷെ ഈ പ്രദേശങ്ങളിൽ ഇന്നു നടക്കുന്ന ടൂറിസം പ്രവർത്തന


*With best compliments from*


**CENTRE FOR POST GRADUATE STUDIES**

**P.G. Centre**

**North Bus Stand, Thrissur-20.**

Ph : 2338983, 6950675 e-mail : pgcentre.tsr@gmail.com

കാർട്ടൂൺ സുരേഷ് സാവന്ത്, മുംബൈ




ങ്ങളിൽ ഈ കമ്മിറ്റികൾക്ക് യാതൊരു പങ്കുമില്ല എന്ന് കാണാം.

ഇതിന് ഉത്തമ ഉദാഹരണമാണ് ഇതിനകം തന്നെ എതിർപ്പുകളുയർന്നിരിക്കുന്ന കോവളത്തെ കൃത്രിമ പാര് (Artificial reef) നിർമ്മാണം. 7 കോടി രൂപ മുടക്കി സുനാമി പുനരധിവാസ പദ്ധതിയുടെ (Tsunami Rehabilitation Project) ഭാഗമായി നിർമ്മിക്കുന്ന ഈ കൃത്രിമ പാര് ടൂറിസ്റ്റുകൾക്ക് ജലകേളികൾക്കുള്ള സൗകര്യമൊരുക്കാനെന്ന് പറയുന്നു. വിവാദമായിക്കഴിഞ്ഞ ഈ പദ്ധതി കോവളത്തെ പ്രാദേശിക ഉത്തരവാദിത്ത കമ്മിറ്റിയിൽ ചർച്ച ചെയ്ത ശേഷമാണോ നടപ്പിലാക്കുന്നതെന്ന് ടൂറിസം വകുപ്പ് വ്യക്തമാക്കേണ്ടതുണ്ട്. മത്സ്യത്തൊഴിലാളികൾ പറയുന്നത് ഈ പദ്ധതി കമ്പവല ഉപയോഗിച്ച് മീൻ പിടിക്കുകയും അനുബന്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്ന ഏതാണ്ട് 500 മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ജീവിതോപാധി ഇല്ലാതാക്കും എന്നാണ്. ഈ പദ്ധതി പ്രാദേശിക തലത്തില യാതൊരു ചർച്ചയും കൂടാതെ തികച്ചും ഏകപക്ഷീയമായാണ് നടപ്പിലാക്കുന്നത്. ഇത്തരം ഒരു സാഹചര്യത്തിൽ പ്രാദേശിക ഉത്തരവാദിത്ത ടൂറിസം കമ്മിറ്റിയുടെ റോൾ എന്താണ്? അത് ഹോട്ടൽ വ്യവസായത്തിന് മുറ തെറ്റാതെ പാൽ - പച്ചക്കറി എന്നിവ എത്തിച്ചു കൊടുക്കുന്ന ഒരു ഏജൻസി മാത്രമാണോ? ഇത്തരം കാര്യങ്ങൾ ടൂറിസം വകുപ്പ് ജനങ്ങളുടെ മുമ്പാകെ വ്യക്തമാക്കേണ്ടതുണ്ട്. ടൂറിസം വകുപ്പ് തയ്യാറാക്കിയ ഉത്തരവാദിത്ത ടൂറിസം മാർഗ്ഗരേഖ മാന്വൽ പ്രകാരം ഈ പ്രാദേശിക കമ്മിറ്റിയുടെ ലക്ഷ്യങ്ങളിലൊന്ന് പ്രാദേശിക തലത്തിലുള്ള പദ്ധതി ആസൂത്രണത്തിലും, നടത്തിപ്പിലും പ്രാദേശിക പങ്കാളിത്തം കൊണ്ടുവരിക എന്നുള്ളതാണ്. ഇതാണ് ഇവിടെ ലംഘിക്കപ്പെടുന്നത്.

മേൽ പറഞ്ഞ കാര്യങ്ങളിൽ നിന്ന് വ്യക്തമാകുന്ന ഒരു പ്രധാന കാര്യം കേരളത്തിലെ മുഖ്യധാരാ ടൂറിസം വികസനം അതിന്റെ പാരിസ്ഥിതിക-സാമൂഹ്യ-സാംസ്കാരികവുമായ എല്ലാ ദോഷപ്രവണതകളോടുംകൂടി നടപ്പിലാക്കപ്പെടുകയും മറുഭാഗത്ത് ഇത്തരം അനിയന്ത്രിതവും സുസ്ഥിരമല്ലാത്തതുമായ ടൂറിസം വികസനത്തെ ഉത്തരവാദിത്ത ടൂറിസമെന്ന പേരിൽ മറച്ചുവെക്കാൻ ശ്രമിക്കുകയും വിപണനം ചെയ്യുകയും ചെയ്യുന്നു എന്നാണ്.

കേരളത്തിലെ സിവിൽ സമൂഹം കാലാകാലങ്ങളായി ഉയർത്തി വന്നിട്ടുള്ള എല്ലാ ആവശ്യങ്ങളെയും, ഉത്ക്കണ്ഠകളെയും പാർശ്വവത്കരിക്കുകയും മറച്ചു പിടിക്കുകയുമാണ് ഉത്തരവാദിത്ത ടൂറിസമെന്ന പേരിൽ ഇന്നിവിടെ നടക്കുന്നത്. കേരളത്തിലെ പരമ്പരാഗത തൊഴിൽ ചെയ്തു ജീവിക്കുന്നവർക്കും, മത്സ്യത്തൊഴിലാകൾക്കും, ഇവിടുത്തെ സാധാരണക്കാർക്കും ഈ അനിയന്ത്രിത ടൂറിസം വികസനം ഉയർത്തുന്ന വെല്ലുവിളികളെക്കുറിച്ചും അവരുടെ ടൂറിസത്തിലെ പങ്കിനെക്കുറിച്ചും ആരോഗ്യകരമായ ഒരു സംവാദത്തിനും ടൂറിസം വകുപ്പ് ഇന്നും തയ്യാറല്ല. അതിനു പകരം പ്രാദേശിക ജനതയ്ക്ക് ഹോട്ടൽ വ്യവസായികൾ വാങ്ങാൻ പോകുന്ന പാലിന്റെയും മുട്ടയുടെയും ദിവാ സ്വപ്നങ്ങൾ നൽകി കേരളത്തിൽ അനിയന്ത്രിതമായ ടൂറിസത്തിനെതിരെ ഉയർന്നുവരുന്ന എതിർപ്പുകളെ തിരിച്ചു വിടാനാണ് ശ്രമിക്കുന്നത്. ഇത്തരം നിരുത്തരവാദ ടൂറിസം പ്രവർത്തനങ്ങളെ തിരിച്ചറിയാനും അതിനെതിരെ ശക്തമായി പ്രതികരിക്കാനുമുള്ള ശേഷി കേരളത്തിലെ സിവിൽ സമൂഹത്തിന് നഷ്ടപ്പെട്ടിട്ടില്ല എന്നത് ടൂറിസം വകുപ്പ് ഓർക്കുന്നത് നന്നായിരിക്കും.

*കബനി-ദ അദർ ഡയറക്ഷൻ,*
*തിരുവാതിര, പാലസ് വ്യൂ റോഡ്,*
*പൂജപ്പുര, തിരുവനന്തപുരം-12*

പ്രിയ കേരളീയം വായനക്കാരാ/രി, താങ്കൾ കേരളീയത്തോടൊപ്പം എന്നും ഉണ്ടായിരുന്നു. നമ്മൾ സാമ്പത്തിക പ്രതിസന്ധിയിലാണ്. ദയവായി വരിസംഖ്യ (240 രൂപ), കഴിയുന്ന സംഭാവന ഉടനെ അയച്ചുതരിക.

കേരളീയം, കൊക്കാലെ, തൃശൂർ-21.
ഫോൺ : 9895458954, 9446576943, 9447674375

ഉടൻ പ്രതീക്ഷിക്കുക
കേരളീയം പുസ്തകശാലയിൽനിന്ന്

ബിജു എസ്.ബാലന്റെ
**ചെന്നൈ വിശേഷവും കുറിപ്പുകളും**

